## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **19-06-2024 - ൽ മറുപടിയ്ക്ക്**

## സ്കൂൾ കുട്ടികളുടെ ആധാർ അപ്ഡേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ കുട്ടികളുടെ ആധാർ അപ്ഡേഷൻ നടത്തുന്നതിലെ അപാകത കാരണം കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കുട്ടികളുടെ എണ്ണം കണക്കാക്കുന്നതിൽ ആധാർ അപ്ഡേഷൻ ഒരു തടസമല്ല |
| (ബി) | കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കാത്തത് കാരണം സ്കൂളുകളിൽ ക്ലാസ് ഡിവിഷനുകൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | 2024-25 അധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സർക്കാർ, എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികളുടെ ആധാർ എൻറോൾമെൻറ്, അപ്ഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>I കേരള സ്റ്റേറ്റ് ഐടി മിഷനുമായി ചേർന്ന് സംസ്ഥാനത്തെ 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ച് എൻറോൾമെന്റിനും അപ്ഡേഷനും വേണ്ടി മെയ് 22 മുതൽ എൻറോൾമെൻറ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്<br><br>II പുതുതായി അഡ്മിഷൻ നേടിയ ആധാർ ഇല്ലാത്ത കുട്ടികൾക്കും മുൻപ് പ്രവേശനം നേടിയ കുട്ടികൾക്കും യു.ഐ.ഡി നമ്പർ ലഭിക്കുന്നതിലേക്ക് സ്കൂൾ പ്രധാനാധ്യാപകർ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് നടപടി എടുക്കുന്നതാണ്;<br><br>III കുട്ടിയുടെ പേരിൽ ഉണ്ടായിട്ടുള്ള നേരിയ പിശകുമൂലം മുൻവർഷങ്ങളിൽ ഇൻവാലിഡ് ആയി കാണപ്പെട്ട യു.ഐ.ഡികളും തിരുത്തൽ വരുത്തി വാലിഡാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | IV ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പ്രചരണം താഴെത്തട്ടിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ